പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4129** **21.07. 2015-** ലെ മറുപടി

**നോർക്ക റൂട്ട്സിലെ നിയമനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) നോർക്ക റൂട്ട്സിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | എ) 21.7.2005 ൽ നോർക്കാ റൂട്ട്സിന്റെ 13-ാമത് ബോർഡ് യോഗം അംഗീകരിച്ച സർവ്വീസ് റൂൾസ് പ്രകാരമാണ് നോർക്കാ റൂട്ട്സിൽ നിയമനങ്ങൾ നടത്തി വരുന്നത്. |
| ബി)നോർക്ക റൂട്ട്സിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ സ്ഥിര ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വെളിപ്പെടുത്തുമോ ; | ബി) നോർക്ക റൂട്ട്സിൽ നിലവിൽ സ്ഥിര ജീവനക്കാരായി 17 പേരും താല്കാലിക ജീവനക്കാരായി 40 പേരും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരായി 5 പേരും ഉണ്ട്. |
| സി)ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും എങ്കിൽ ഏത് തീയതികളിലെ കാബിനറ്റ് തീരുമാന പ്രകാരമെന്നും വ്യക്തമാക്കുമോ ; | സി) സ്ഥിരപ്പെടുത്തിയിട്ടുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല. |
| ഡി)ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ഏതെങ്കിലും കാബിനറ്റ് തീരുമാനം റദ്ദ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ? | ഡി) ഉണ്ട്. 24.2.2011 തീയതിയിലെ ജി. ഒ.(എം. എസ്സ്)01/11/നോർക്കാ ഉത്തരവ് പ്രകാരം നോർക്ക റൂട്ട്സിൽ 21 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഇതിലേക്ക് രണ്ട് വർഷത്തിൽ അധികം നോർക്ക റൂട്ട്സിൽ ജോലി പരിചയം ഉണ്ടായിരുന്ന 16 പേരെ സ്ഥിരപ്പെടുത്തുകയും പിന്നീട് 21.4.2012 ലെ ജി. ഒ. (എം. എസ് ) 05/2012/നോർക്കാ പ്രകാരം ഈ ഉത്തരവ് മാനദണ്ഡങ്ങൾ പാലിച്ചല്ല നിയമനം നടത്തിയത് എന്ന കാരണത്താൽ റദ്ദു ചെയ്യുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ